**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1175** **07-10-2021 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട്-കാസർഗോഡ് എസ്.എച്ച്.-ന്റെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.റ്റി.പി. ഏറ്റെടുത്ത് പൂർത്തിയാക്കിയ കാഞ്ഞങ്ങാട്-കാസർഗോഡ് എസ്.എച്ച്.-ന്റെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് കാഞ്ഞങ്ങാട് റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചു. ഡി.എൽ.പി (Defect Liability Period) അവസാനിച്ചതാണ്. പ്രസ്തുത റോഡിന്റെ നിലവിലെ അവസ്ഥ പരിശോധിച്ചിട്ടുണ്ട്. നിലവിൽ റോഡ് ഗതാഗതയോഗ്യമാണ്. |
| (ബി) | പ്രസ്തുത റോഡിൽ കുഴികൾ രൂപപ്പെട്ടതും കുഴിയിൽ വീണ് നിരവധിപേർ മരണപ്പെട്ടതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | റോഡിൽ രൂപപ്പെട്ട കുഴികൾ എല്ലാം അതത് സമയത്ത് തന്നെ അടച്ചിട്ടുണ്ട്. റോഡിലെ കുഴികളിൽ വീണ് ആർക്കും മരണം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത റോഡ് കെ.എസ്.റ്റി.പി. പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഇല്ല. 01/11/2021-ൽ പ്രസ്തുത റോഡ് പി.ഡബ്ല്യൂഡി റോഡ്സ് വിഭാഗം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | റോഡ് കെ.എസ്.റ്റി.പി. യിൽനിന്നും പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | ഇല്ല. 01/11/2021-ൽ പ്രസ്തുത റോഡ് പി.ഡബ്ല്യൂഡി റോഡ്സ് വിഭാഗം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | പ്രസ്തുത റോഡിൽ കെ.എസ്.റ്റി.പി. സ്ഥാപിച്ച സൗരോർജ്ജ വിളക്കുകളിൽ ഭൂരിഭാഗവും തെളിയാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഉണ്ട്. സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റ പ്രവൃത്തിക്കായി അനർട്ടുമായി കരാർ ഉണ്ടാക്കാൻ ധാരണയായിട്ടുണ്ട്. ആയതിന്റെ സാധ്യതാ പഠനം നടന്നുവരുന്നു. |
| (എഫ്) | മേൽ നിർമ്മാണ പ്രവൃത്തിയിലെ ക്രമക്കേടുകൾ അന്വേഷണ വിധേയമാക്കി അപാകതകൾ അടിയന്തരമായി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (എഫ്) | പ്രസ്തുത പ്രവൃത്തിയിൽ ക്രമക്കേടുകൾ നടന്നതായുള്ള പരാതികൾ ഈ ഓഫീസിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ